

ഡി. സോണിൽ മൂന്നാം സ്ഥാനം നേടിയതിന്റെ ആഹ്ലാദം പ്രകടിപ്പിക്കുന്ന അസ്മാബി കോളജ് വിദ്യാർഥികൾ

# ഡി സോണിൽ തിളങ്ങി അസ്മാബി കോളജ്

**കൊടുങ്ങല്ലൂർ:** ഗുരുവായൂർ ശ്രീകൃഷ്ണ കോളജിൽ നടന്ന കാലിക്കറ്റ് സർവകലാശാല ഡി -സോൺ കലോത്സവത്തിൽ തിളങ്ങി പി. വെമ്പല്ലൂർ എം.ഇ.എസ്.അസ്മാബി കോളജ്.

തീരദേശത്തെ മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ അസ്മാബി കോളജ് ചരിത്രത്തിൽ ആദ്യമായി ഡിസോണിൽ രണ്ടാം സ്ഥാനത്തെത്തിയതിന്റെ ആഹ്ലാദത്തിലാണ്. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളജും തൃശൂർ കേരളവർമയും ഒന്നാം സ്ഥാനം പങ്കിട്ടതോടെയാണ് അസ്മാബി കോളജ് രണ്ടാം സ്ഥാനത്തിന്റെ ബഹുമതിക്ക് അർഹമായത്.

കഴിഞ്ഞ തവണ അസ്മാബി മൂന്നാം സ്ഥാനത്തായിരുന്നു. സ്റ്റേജ് ഇനങ്ങളിൽ 60 പോയന്റും സ്റ്റേജിതര മത്സരങ്ങളിൽ 22 പോയന്റും നേടിയാണ് അസ്മാബി കോളജ് ഈ നേട്ടം കൈവരിച്ചത്.

അറബന മുട്ട്, ദഫ് മുട്ട്, മാപ്പിളപ്പാട്ട് (ഗ്രൂപ്), ആൺ കുട്ടികളുടെയും പെൺകുട്ടികളുടെയും സംഘനൃത്തം, അറബി പ്രബന്ധ രചന എന്നീ മത്സര ഇനങ്ങളിൽ ഒന്നാം സ്ഥാനവും ഉറുദു പ്രസംഗം, വട്ടപ്പാട്ട്, ചിത്ര രചന (എണ്ണച്ചായം), ഗിറ്റാർ, അറബിക് കഥാരചന, തമിഴ് പ്രസംഗം, ഗാനമേള എന്നിവയിൽ രണ്ടാം സ്ഥാനവും, മിമിക്രി, ഒപ്പന, കോൽക്കളി എന്നിവയിൽ മൂന്നാം സ്ഥാനവും നേടിയാണ് അസ്മാബി മികച്ച നേട്ടം കൈവരിച്ചത്.

മികച്ച വിജയം സമ്മാനിച്ച വിദ്യാർഥികളെയും അധ്യാപകരേയും പ്രിൻസിപ്പൽ ഡോ. എ. ബിജു, സെക്രട്ടറി ആൻഡ് കറസ്പോണ്ടന്റ് അഡ്വ. നവാസ് കാട്ടകത്ത് എന്നിവർ അനുമോദിച്ചു.